# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/ പി5/ 961 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ/ പി5/ 961 /2023 തീയ്യതി: 10/10/2023

## പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 15-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജികുമാർ കെ., ഓഡിറ്റ് ഓഫീസർ

ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോർജ്ജ് തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി റീന ജോൺ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അവിനാശ് വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി മേഘ എം.ജി. | കൃഷി ഓഫീസർ | 01-04-2022 | 12-08-2022 |
| ശ്രീമതി രാജി എം. ആർ | കൃഷി ഓഫീസർ | 13-08-2022 | 31-03-2023 |
| ശ്രീമതി ബിനി വി.ആർ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലത എം.ആർ. | വി.ഇ.ഒ., പ്രക്കാനം സർക്കിൾ | 01-04-2022 | 20-07-2022 |
| ശ്രീമതി ആതിര അർജ്ജുൻ | വി.ഇ.ഒ., പ്രക്കാനം സർക്കിൾ | 21-07-2022 | 05-01-2023 |
| ശ്രീമതി ജിജി കെ. | വി.ഇ.ഒ., ചെന്നീർക്കര സർക്കിൾ | 01-04-2022 | 20-07-2022 |
| ശ്രീ രാഹുൽ കെ.ആർ. | വി.ഇ.ഒ., ചെന്നീർക്കര സർക്കിൾ | 01-08-2022 | 31-03-2023 |
| ശ്രീമതി ഗ്ലാഡിസ് വി.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| കുമാരി കാവ്യ കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-06-2022 |
| ശ്രീമതി സിംന | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-06-2022 | 09-10-2022 |
| ശ്രീ അപ്പൂസ് എസ്.ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-10-2022 | 31-03-2023 |
| ശ്രീ വിശ്വരാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| എസ്. | | | |
| ശ്രീമതി രശ്മി രവീന്ദ്രൻ | ഹെഡ്മിസ്ട്രസ് | 01-04-2022 | 30-07-2022 |
| ശ്രീമതി സൂസമ്മ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ് | 01-08-2022 | 31-03-2023 |
| ഡോ. ജിനു ജി. തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 07-05-2022 |
| ഡോ. ബിജു എം. ആർ. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 07-05-2022 | 31-03-2023 |
| ഡോ. നിഷ എൽ. ആർ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ. രോഹിണി ആർ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 17-06-2022 | 31-03-2023 |
| ഡോ. മിനി എം. ആർ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| രഞ്ജിനി പി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് പൂർണ്ണമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ | 1-1-6 |
| 8 | ഇ-പേയ്മെന്റ് അക്കൗണ്ട്- റീക്കൺസിലിയേഷൻ കൃത്യമല്ല | 1-1-7 |
| 9 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-8 |
| 10 | നിക്ഷേപ പ്രവൃത്തികൾ-നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 20 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 21 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കായില്ല. | 1-12 |
| 22 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. | 1-13 |
| 23 | എഫ് .എച്ച് .സിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും ലഭിക്കുവാൻ അവശേഷിക്കുന്നു. | 1-14 |
| 24 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം | 1-15 |
| 25 | ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിലെ കാലതാമസം - വിദ്യാർത്ഥികൾക്ക് | 1-16 |

| | | |
|---|---|---|
| | പഠനത്തിന് പ്രയോജനപ്പെട്ടില്ല | |
| 26 | എസ്.എസ്.കെ-തുക കൈമാറുന്നതൊഴിച്ചുള്ള പങ്കാളിത്തമില്ല | 1-17 |
| 27 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-18 |
| 28 | കൃഷിഭൂമിയുടെ രേഖകളില്ലാതെ നെൽകൃഷിയ്ക്ക് സബ്സിഡി അനുവദിച്ചു | 1-19 |
| 29 | ലൈഫ് വായ്പ റിക്കവറി-18.49 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും അധികമായി കുറവ് ചെയ്തു | 1-20 |
| 30 | ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-21 |
| 31 | മരണപ്പെട്ടവർക്കും ക്ഷേമ പെൻഷൻ | 1-22 |
| 32 | മരണപ്പെട്ടവരും അനർഹരും സേവന പെൻഷൻ ഡാറ്റാ ബേസിൽ തുടരുന്നു | 1-23 |
| 33 | മരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു | 1-24 |
| 34 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തിയായില്ല | 1-25 |
| 35 | പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവർത്തികളിലെ അപാകതകൾ | 1-26 |
| 36 | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ-വിനിയോഗ വിവരങ്ങളില്ല | 1-27 |
| 37 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കിയില്ല. | 1-28 |
| 38 | അഗതിരഹിത കേരളം പദ്ധതി നിർജ്ജീവാവസ്ഥയിൽ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-5 |
| 5 | ഓഡിറ്റ് റിക്കവറി | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21/07/23-ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 25-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി- 10/10/2023 | ജില്ലാ ഓഡിറ്റ് കാര്യാലയം |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2458647 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5820044 രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് പൂർണ്ണമല്ല

എ) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

ബി) ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-6 ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. പകരം വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ രജിസ്റ്ററിൽ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഉദാ - തൊഴിൽ നികുതി/ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകൾ

## 1-1-7 ഇ-പേയ്മെന്റ് അക്കൗണ്ട്- റീക്കൺസിലിയേഷൻ കൃത്യമല്ല

നികതി-നികതിയേതര വരവുകൾ എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൗണ്ടിലാണ് ഓൺലൈനായി ക്രഡിറ്റ് ചെയ്യുന്നത് (അക്കൗണ്ട് നം- 67394844903). ഈ ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 3,367,519 രൂപയും പാസ്സ് ബുക്ക് നീക്കിയിരിപ്പ് 3,322,968 രൂപയുമാണ്. വ്യത്യാസം 44551 രൂപ. Cheque Deposited But Not Cleared (2242രൂപ), Directly Debited By Bank (42,309 രൂപ) എന്ന ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയാണ് ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്. എന്നാൽ പാസ്സ് ബുക്ക് പരിശോധിച്ചതിൽ ഇത് കൃത്യമല്ല എന്ന് കാണുന്നു. ഈ വ്യത്യാസം പിന്നീട് ക്രമീകരിച്ചിട്ടുമില്ല.

## 1-1-8 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല

വികസന ഫണ്ട് (ജനറൽ, എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ ബന്ധപ്പെട്ട കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് അക്കൗണ്ട് ചെയ്യാതെ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്തു.

## 1-1-9 നിക്ഷേപ പ്രവൃത്തികൾ-നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി (6288600), കെ.എസ്.ഇ.ബി(1797730), പൊതുമരാമത്ത് വകുപ്പ്(148729) തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല. ആയതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 08.03.2023-ന് പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 4172454 | 12030996 | |
| വരവ് | 194087403 | 26601322 | 116451625 |
| ആകെ | 198259857 | 38632318 | |
| ചെലവ് | 194387848 | 24142675 | 110306994 |
| നീക്കിയിരിപ്പ് | 3872009 | 14489643 | |

ബജറ്റ് പ്രകാരം 19.41കോടി രൂപയുടെ പ്രതീക്ഷിത വരവും 19.44 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 11.65കോടി രൂപയും ചെലവ് 11.03കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12030996 | |
| ഓഡിറ്റ് വർഷത്തെ വരവ് | 26601322 | 116451625 |
| ആകെ വരവ് | 38632318 | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24142675 | 110306994 |
| നീക്കിയിരിപ്പ് | 14489643 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 12667346 | 12667346 | 10901797 | 1765549 |
| വികസന ഫണ്ട്-എസ്.സി.പി | | 11115654 | 11115654 | 11073168 | 42486 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1544000 | 3198000 | 4742000 | 2273731 | 2468269 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 1218608 | 1218608 | 612329 | 606279 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 297562 | 2261233 | 2558795 | 2373385 | 185410 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)ക്യാരി ഓവർ വിഹിതം | | 974688 | 974688 | 0 | 974688 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 4570000 | 4570000 | 4173542 | 396458 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12553000 | 12553000 | 12085339 | 467661 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagonostics) | 0 | 268341 | 268341 | 222105 | 46236 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres | 0 | 136927 | 136927 | 134951 | 1976 |
| സാക്ഷരത | 12937 | 531 | 13468 | 0 | 13468 |
| റ്റി.എസ്.സി (320100181)PMIG& SBM | 1140980 | 0 | 1140980 | 558863 | 582125 |
| ശുചിത്വ മിഷൻ | 17542 | 0 | 17542 | 0 | 17542 |
| ഐ.സി.ഡി.എസ് | 1890638 | 1178638 | 3069326 | 339156 | 2730170 |
| ആർദ്രം മിഷൻ അവാർഡ് | 57975 | 1000000 | 1057975 | 0 | 1057975 |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 0 | 200000 | 200000 | 200000 | 0 |
| MGNREGS | 1132 | 14580608 | 14581740 | 14581105 | 635 |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | നടപ്പാക്കാത്തവ | നടപ്പിലാക്കിയ |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 175 | 79730876 | 148 | 51731830 | 27 | 84.57 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 35 | 25 | 17632703 | 8766343 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1895530 | 1435750 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 61 | 22332470 | 18373361 |
| കൃഷി ഓഫീസർ | 6 | 6 | 2950799 | 2444349 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 8 | 6 | 907300 | 371546 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 9 | 8 | 21246149 | 9851000 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 9 | 4232952 | 2962208 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 9 | 9 | 3439733 | 3215455 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 380000 | 375126 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 220000 | 216916 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 8 | 6 | 2150240 | 1710776 |
| വെറ്ററിനറി സർജൻ | 6 | 6 | 1563000 | 1313000 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 640000 | 640000 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 140000 | 56000 |
| ആകെ | 175 | 148 | 79730876 | 51731830 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1132 | 1070824 | 1071956 | 1071321 | 635 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13509784 | 13509784 | 13509784 | |
| ആകെ | 1132 | 14580608 | 14581740 | 14581105 | 635 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2061 | 21550700 |
| വിധവാ പെൻഷൻ | 678 | 7179400 |
| കർഷക തൊഴിലാളി പെൻഷൻ | 290 | 3327000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 212 | 2325000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 226400 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2023 തീയതിയിൽ 03.00 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

നീക്കിയിരുപ്പ് തുകയായ 3207 (മൂവായിരത്തി ഇരുനൂറ്റി ഏഴ് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് അംഗീകൃത ഗുണമേന്മ നിലവാരം കൊണ്ടുവരികയും ഗ്രാമപഞ്ചായത്തിനെ കൂടുതൽ പൗര സൗഹൃദമാക്കി ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

(1) ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

(2) പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായും, ടി ഭൂമി ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കുന്നതിനുമായി അളന്ന് തിരിച്ച് അതിർത്തി സംരക്ഷിക്കുന്നതിനുമായി സർവ്വേകല്ലുകൾ സ്ഥാപിക്കുന്നതിനും വേലി കെട്ടി തിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. പുറമ്പോക്ക് ഉൾപ്പെടെ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
(5) ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(6) തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
(7) സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(8) മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

(9) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

(10) ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2022 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 | 2013-14 മുതൽ 2017-18 വരെ | 27.07.2018 |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

1. തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികളില്ല

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയവരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും, ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പ് നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും യഥാർത്ഥ വരവുകളും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. ബജറ്റും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരമുള്ളത് പരിശോധനാവിധേയമാക്കി വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിലുള്ള ബജറ്റ്

തയ്യാറാക്കുന്നതിനാവശ്യ യാതൊരു നടപടികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കുന്നില്ല. വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക കണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി-പാർപ്പിടാവശ്യം (തൻവർഷം) | 3281819 | 3276180 | 99.83 |
| 2 | വസ്തുനികുതി-പാർപ്പിടാവശ്യം (അരിയർ) | 33984 | 20536 | 60.42 |
| 3 | വസ്തുനികുതി-പാർപ്പിടേതരാവശ്യം (തൻവർഷം) | 872218 | 869266 | 99.66 |
| 4 | വസ്തുനികുതി-പാർപ്പിടേതരാവശ്യം (അരിയർ) | 62373 | 44659 | 71.60 |
| 5 | വാടക | 158800 | 158800 | 100 |
| 7 | തൊഴിൽ നികുതി(സ്ഥാപനം) | 203603 | 203603 | 100 |
| 8 | ലൈസൻസ് ഫീസ് | 62600 | 62600 | 100 |

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയുടെ കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചു വരുന്നില്ല.

തനത് വരവുകൾ സമാഹരിക്കുന്നതിലുണ്ടായ അപാകതകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേക പരാമർശങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യരായ ആളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. മറ്റ് നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ 20.04.2023-ലെ 4(1) നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിയ്ക്കുകയും 15.07.2023-ൽ C1-15/2023 നമ്പരായി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## 1-12 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കായില്ല.

പഞ്ചായത്ത് രാജ് നിയമം 204 -ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്. ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

1. ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയില്ല.

1. സജി മാത്യു കുളങ്ങര പ്രക്കാനം.

2. ജിജി വർഗീസ്, ചേമ്പാലേത്ത്, ഊന്നുകൽ.

3. വിനീത് കുമാർ സി.ജെ, ചെറുവള്ളിൽ, മാത്തൂർ.

4.പി.കെ. സുനിൽകുമാർ, മേലേതിൽ, പ്രക്കാനം.

5. മധുസൂദനൻ നായർ, തിരുവാതിര.

6. കെ.എസ്.പുരുഷോത്തമൻ, വട്ടപറമ്പിൽ.

7. ജിൻസ്.പി.ജെയിംസ്, പള്ളിക്കമാലിൽ, കരിക്കോട്.

8. റോയി ജെയിംസ്, പച്ചയിൽ.

9. ഷാജി തോമസ്, കച്ചിറ വില്ല.

10. ശ്രീജീവ് ചന്ദ്രശേഖരൻ, വല്യകാലായിൽ,ഊന്നുകൽ.

11. മുരളീധരൻ നായർ, വിജയപുരം.

ഗ്രാമപഞ്ചായത്തിൽ ടി. കരാറുകാർ തൻവർഷം ഏറ്റെടുത്ത് നടത്തിയ മരാമത്ത് പ്രവർത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തു കൃത്യത വരുത്തേണ്ടതും, നോട്ടീസ് നൽകിയിട്ടും തുക ഈടാക്കാത്ത കരാറുകാർക്കെതിരെ റെവന്യൂ റിക്കവറിനടപടികൾ സ്വീകരിക്കേണ്ടതും ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 202 2-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ട ില്ല.

| ക്രമ. നം. | സ്ഥാപന ഉടമയുടെ വിവരം | സ്ഥാപനത്തിന്റെ വിവരങ്ങൾ. |
|---|---|---|
| 1 | അന്നമ്മജോർജ്ജ്, കാഞ്ഞിരം നിൽക്കുന്നതിൽ. | ദിനചക്ര ഹോസ്പിറ്റൽ, ഊന്നുകൽ. |
| 2 | കാവ്യ അരവിന്ദ്, തെക്കേതിൽ പുത്തൻ വിട്, പ്രക്കാനം. | ആയുർവ്വേദ ക്ളിനിക്ക്, 2/414G |
| 3 | ശശികുമാർ.പി.കെ. | ആയുർവ്വേദ വിഷവൈദ്യശാല, 7/126 |
| 4 | അനിജ.കെ.രാജ്, ഉജ്ജയിനി, മഞ്ഞനിക്കര. | മെഡിക്കൽ ലബോറട്ടറി. |

പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-14 എഫ് .എച്ച് .സിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും ലഭിക്കുവാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (എഫ് .എച്ച് .സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 17/22-23സാന്ത്വന പരിചരണം-എഫ്.എച്ച്.സി.ലേയ്ക്ക് മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങൽ | 600000<br>22999<br>161299<br>ബിൽ നം-26778<br>തീയതി-10.03.23 | PRF 4062<br>PRF 5663<br>PRF3564 | 0<br>0<br>142758 | 600000<br>22999<br>18541 |
| | | | ആകെ | 6,41,540 |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നും മെഡിക്കൽ ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം

ചെന്നീർക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നമ്പർ 427/19-ലുള്ള 185ച.മീ. പ്ലോട്ടിൽ 225.15ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ അനീറ്റ് അജയൻ, ഉഴവത്ത്, പ്രക്കാനം എന്ന വ്യക്തിക്ക് 24.12.2018-ൽ C1-BA(297057)/2018 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുകയും വസ്തു നികുതി നിർണ്ണയിച്ച് 2/564, 2/565, 2/566, 2/567എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | കെട്ടിട നമ്പർ | ഉപയോഗ ഗണം | വിസ്തീർണ്ണം(ച.മീ.) |
|---|---|---|---|
| തറനിരപ്പ് നില | 2/564 | വാണിജ്യാവശ്യം | 71.8 |
| ഒന്നാം നില | 2/565 | വാണിജ്യാവശ്യം | 70 |

| | | | |
|---|---|---|---|
| | 2/566 | വാണിജ്യാവശ്യം | 6.12 |
| രണ്ടാം നില | 2/567 | പാർപ്പിടാവശ്യം | 79.76 |
| സ്റ്റെയർ കാബിൻ | | | 8.93 |
| ആകെ | | | 236.61 |

തറനിരപ്പ് നിലയിൽ 13.4ച.മീ പാർക്കിംഗിനായി മാറ്റി വെച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാനിൽ മൂന്ന് കാറുകൾക്കുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻഭാഗത്തും ഒരു വശത്തുമായി ഓരോ കാറിനും തറനിരപ്പ് നിലയിൽ ഒരു കാറിനുമുള്ള പാർക്കിംഗ് സൗകര്യമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ പാർക്കിംഗിനായി കാണിച്ചിരുന്ന തറനിരപ്പ് നിലയിലെ സ്ഥലം ഷട്ടർ സ്ഥാപിച്ച് കടമുറിയാക്കി മാറ്റിയിരിക്കുന്നതായും മുൻഭാഗത്തും വശത്തും വാഹനം പ്രവേശിപ്പിക്കാൻ സൗകര്യം ഇല്ലാത്ത നിലയിൽ അനധികൃ നിർമ്മാണം നടത്തി വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായും ശ്രദ്ധയിൽപ്പെട്ടു. കൂടാതെ കെട്ടിടത്തിന്റെ ടെറസ്സിൽ അനധികൃതമായി ഷീറ്റ് മേൽക്കൂര നിർമ്മിച്ചിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്ന നിലകൾ വരെയുള്ളതും 10മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്.






തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു.

ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലാപ്ടോപ്പ് വിതരണം ചെയ്തതിലെ കാലതാമസം - വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രയോജനപ്പെട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 77/23 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ |
| വകയിരുത്തിയ തുക | 570240 (എസ്.സി.പി.) |
| ചെലവഴിച്ച തുക | 570240 (ബിൽ നം. 03/06.01.2023) |

ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിന് 570240രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 2021-22-ൽ ആവിഷ്കരിച്ച പദ്ധതി(85/22) സ്പിൽ ഓവർ ആയി 2022-23-ൽ പൂർത്തിയാക്കുകയായിരുന്നു. 15 വിദ്യാർത്ഥികളെ ഗുണഭോക്താക്കളായി കണ്ടെത്തുകയും 15 ലാപ്ടോപ്പുകളുടെ വിലയായ 570240രൂപ 24.12.2022-ലെ TVM/ITBG/P1/RC/44060/22-23 നമ്പർ പ്രഫോർമ്മ ഇൻവോയ്സ് പ്രകാരം കേരള സ്റ്റേറ്റ് ഐ.റ്റി.മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. 16.03.2023-ൽ കെൽട്രോൺ ലഭ്യമാക്കിയ ലാപ്പ്ടോപ്പുകൾ 18.03.2023-ൽ വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുമുണ്ട്. പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും 2021-22-ൽ തന്നെ പൂർത്തിയാക്കിയിരുന്നതാണ്. ആവശ്യമായ എല്ലാ രേഖകളും വിദ്യാർത്ഥികൾ 2022 മാർച്ചിൽ തന്നെ ലഭ്യമാക്കിരുന്നു. എന്നിട്ടും ഒരു വർഷത്തിന് ശേഷം 2023 മാർച്ചിലാണ് ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടുള്ളത്. 2021-22-ൽ ലാപ്ടോപ്പിന് അപേക്ഷിക്കുമ്പോൾ 15 വിദ്യാർത്ഥികളിൽ 12 പേര് രണ്ടാം വർഷ ക്ലാസ്സുകളിലും 2 പേര് മൂന്നാം വർഷ ക്ലാസ്സുകളിലുമാണ് പഠിച്ചിരുന്നത്. മൂന്നാം വർഷ ക്ലാസ്സിൽ പഠിച്ചിരുന്നവർക്ക് കോഴ്സ് കഴിഞ്ഞും, രണ്ടാം വർഷ ക്ലാസ്സുകളിൽ പഠിച്ചിരുന്നവർക്ക് കോഴ്സ് അവസാനിക്കാൻ സമയമായപ്പോഴുമാണ് ലാപ്ടോപ്പുകൾ ലഭിച്ചിട്ടുള്ളത്. യഥാസമയം ലാപ്ടോപ്പുകൾ ലഭിക്കാത്തതുമൂലം അവരുടെ വിദ്യാഭ്യാസത്തിന് അത് ഉപകരിക്കപ്പെടാതെ പോയി. 2022 മാർച്ചിൽ തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടും ലാപ്ടോപ്പ് വാങ്ങി വിതരണം നടത്തുന്നതിന് പിന്നെയും ഒരു വർഷം സമയമെടുത്തത് നീതീകരിക്കാവുന്നതല്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(21/24.08.23), പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ജി.എൽ.പി.എസ്. പ്രക്കാനം എച്ച്.എം. നിർവ്വഹണം ഏറ്റെടുക്കാൻ തയ്യാറായില്ലായെന്നും എച്ച്.എസ്.എസ്.ടി.-യായി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്തുപോയ ടിയാൾക്ക് പകരം നിർവ്വഹണ ചുമതല ലഭിച്ച എച്ച്.എം.-ന് ഡി.ഡി.ഒ. കോഡ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടായെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഉപകരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിരുത്തരവാദപരമായ സമീപനം മൂലം പ്രയോജനപ്പെടാതെ പോയി കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥയ്ക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്.എസ്.കെ-തുക കൈമാറുന്നതൊഴിച്ചുള്ള പങ്കാളിത്തമില്ല

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.കെ. വിഹിതം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങളും ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| എസ്.എസ്.എ. വിഹിതം നൽകൽ(ജനറൽ), 93/23 | 600000 | 600000 |
| എസ്.എസ്.എ. വിഹിതം നൽകൽ(എസ്.സി.പി.), 94/23 | 350000 | 350000 |
| ആകെ | 950000 | 950000 |

ആകെ 950000 രൂപ എസ്.എസ്.കെ. ബ്ലോക്ക് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. ആയതിനുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്ന് സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി:19.04.2022 ഉത്തരവിലെ ഖണ്ഡിക 8.6(3)-ലും തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്

നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണമെന്നും എസ്.എസ്.കെ. വിഹിതവും തദ്ദേശണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണമെന്നും ഖണ്ഡിക 8.6(4)-ലുംനിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്കാളിയായതിന്റെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അവർ ആവശ്യപ്പെട്ട വിഹിതം അനുവദിച്ച് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. 128000രൂപ സിവിൽ വർക്കുകൾക്കായി ചെലവഴിച്ചതായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ സ്കൂളുകളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തികൾ നിർവ്വഹിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(21/24.08.23), ബി.ആർ.സി.യിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 79 പ്രകാരവും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞതും തിരികെ കൈപ്പറ്റാത്തതുമായ ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം(3 വർഷം) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. ഇത്തരത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റേയും തിരികെ നൽകേണ്ട കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം അതാത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14/01/2020-ലെ എ.സി1/125/2019/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | | തുക |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി. | 2018-19 | 6125 |
| സപ്ലയേഴ്സ് ഇ.എം.ഡി. | 2017-18 | 5625 |
| സപ്ലയേഴ്സ് ഇ.എം.ഡി. | 2018-19 | 7500 |
| ബിഡേഴ്സ് ഇ.എം.ഡി. | 2016-17 | 600 |
| ബിഡേഴ്സ് ഇ.എം.ഡി. | 2018-19 | 5000 |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2016-17 | 1558 |
| ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2017-18 | 1250 |
| കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 2017-18-ന് മുൻപുള്ളത് | 33541 |
| മറ്റു ഡെപ്പോസിറ്റുകൾ(റോഡ് കട്ടിംഗ്) | 2018-19 വരെ | 48500 |
| | | 109699 |

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 കൃഷിഭൂമിയുടെ രേഖകളില്ലാതെ നെൽകൃഷിയ്ക്ക് സബ്സിഡി അനുവദിച്ചു

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | ബിൽ നം./തീയതി |
|---|---|---|---|---|---|
| 107/23 | വികസന ഫണ്ട് | 1081000 | വികസന ഫണ്ട് | 1081000 | JNK 1/14.12.22-332400<br>JNK10/04.02.23-748600 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 325000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 325000 | JNK 5/04.02.23-325000 |

| | | | | | |
|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം | 280000 | ജില്ലാ പഞ്ചായത്ത് വിഹിതം | - | |
| | ആകെ | 1686000 | ആകെ | 1406000 | |

നെൽകൃഷി വികസനത്തിനായി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ കർഷകർക്ക് വിത്ത് സൗജന്യമായി നൽകുന്നതിനും മറ്റ് ചെലവുകൾക്കായി ഹെക്ടറിന് 17000രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയിലൂടെ 80ഹെ. പ്രദേശത്ത് നെൽകൃഷി നടത്തുന്നതും ലക്ഷ്യമിട്ടിരുന്നു.

പദ്ധതിയ്ക്കായി കെ.എസ്.എസ്.ഡി.എ.യിൽ നിന്നും 6600കി.ഗ്രാം, നെൽവിത്തും, വീയപുരം സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും 1380കി.ഗ്രാം വീതം നെൽവിത്തും വാങ്ങി ആറ് പാടശേഖരസമിതികൾ മുഖേന കർഷകർക്ക് വിതരണം നടത്തി കൂലിചെലവ് സബ്സിഡിയായി 1073600രൂപ 43 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കർഷകരുടെ അപേക്ഷയ്ക്കൊപ്പം കരം അടച്ച രസീത്, പാട്ടച്ചീട്ട് എന്നിവയൊന്നും ഹാജരാക്കിയിട്ടില്ല. സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടതെന്ന് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.4.3-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. കരം അടച്ച രസീത്, പാട്ടച്ചീട്ട് എന്നിവയുടെ അഭാവത്തിൽ വിത്ത്, സബ്സിഡി തുക എന്നിവ അനുവദിച്ചത് ക്രമപ്രകാരമാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/22.08.23) മറുപടിയായി ഓരോ പാടശേഖരത്തിലുമുള്ള കർഷരുടെ പേരും ഭൂമിയുടെ വിവരങ്ങളും മാത്രമാണ് ഹാജരാക്കിയത്. കർഷകർക്ക് വിത്ത്, സബ്സിഡി തുക എന്നിവ അനുവദിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 ലൈഫ് വായ്പ റിക്കവറി-18.49 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും അധികമായി കുറവ് ചെയ്തു

ലൈഫ് ഭവന പദ്ധതിയ്ക്കായി വായ്പ എടുത്തതിനേക്കാൾ അധികം തുക വികസന ഫണ്ട് ജനറൽ/ എസ്.സി.പി. ഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ജനറൽ ഗുണഭോക്താക്കൾക്കായി ആകെ 440000രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് വായ്പ എടുത്തിരുന്നു. പലിശ ബാധ്യത സർക്കാർ നേരിട്ടും മുതൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസനഫണ്ടിൽ നിന്നും ഉറവിടത്തിൽ കുറവുചെയ്തുമാണ് അടവ് വരുത്തുന്നത്. 2022-23 സാമ്പത്തിക വർഷം വരെയുള്ള ലോൺ തുകയുടെയും തിരിച്ചടവിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ ലോൺ തുക | | | ആകെ മുതൽ തിരിച്ചടവ് | | | അധികം |
|---|---|---|---|---|---|---|---|
| | ജനറൽ | എസ്.സി.പി | ആകെ | ജനറൽ | എസ്.സി.പി | ആകെ | |
| 2018-19 | 440000 | | 440000 | | | | |
| 2019-20 | | | 0 | 117646 | 0 | 117646 | |
| 2020-21 | | | 0 | 117020 | 73294 | 190314 | |
| 2021-22 | | | 0 | 513333 | 264000 | 777333 | |
| 2022-23 | | 0 | 0 | 388831 | 814820 | 1203651 | |
| ആകെ | | | 440000 | 1136830 | 1152114 | 2288944 | -1848944 |

2022-23 സാമ്പത്തിക വർഷം വരെ 1848944 രൂപ അധികമായി കുറവ് ചെയ്തിട്ടുണ്ട്. ലോൺ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ടിൽ നിന്നും അധികമായി കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് ഉചിത മാർഗ്ഗേന ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ഭരണസമിതിയോഗം- മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള

പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ 5 മാസത്തെ വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 22/09/22 | 06/01/23 |
| 06/10/22 | 02/03/23 |
| 04/11/22 | 02/03/23 |
| 23/11/22 | 14/03/23 |
| 03/12/22 | 02/02/23 |
| 31/12/22 | 19/05/23 |
| 21/01/23 | 29/05/23 |
| 16/02/23 | 17/06/23 |
| 03/03/23 | 20/07/23 |

2023 വർഷം ആകെ 16 ഭരണസമിതി യോഗങ്ങൾ കൂടിയതിൽ 05/04/23 വരെയുള്ള 11യോഗങ്ങളുടെ മിനിട്ട്സ് മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. 12/05/23-ന് ശേഷമുള്ള 5 യോഗങ്ങളുടെ മിനിട്ട്സ് പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കാലതാമസം ഒഴിവാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 മരണപ്പെട്ടവർക്കും ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ മരണപ്പെട്ടാൽ അവരുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ മരണശേഷവും പെൻഷൻ തുക ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ വ്യക്തമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ID | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|
| 1 | കുട്ടി | 103910100118 | കർഷക തൊഴിലാളി പെൻഷൻ | 03/11/2022 | 11200 |
| 2 | തങ്കമണിയമ്മ | 103910600259 | വിധവ പെൻഷൻ | 12/02/2022 | 25600 |
| 3 | ഭാനുമതി | 103910201548 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/10/2022 | 8200 |
| 4 | സദാനന്ദൻ കെ കെ | 103910400004 | ദേശീയ ഡിസബിലിറ്റി പെൻഷൻ | 05/10/22 | 12800 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്(22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). എന്നാൽ

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന മാത്രമാണ് നടത്തിയത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതും പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അവരുടെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുക അനന്തരാവകാശികളിൽനിന്നും തിരികെ ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 മരണപ്പെട്ടവരും അനർഹരും സേവന പെൻഷൻ ഡാറ്റാ ബേസിൽ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ചില ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, മറ്റ് കാരണങ്ങളാലും പെൻഷൻ ബാങ്കുകൾ തടഞ്ഞ് വെയ്ക്കുന്നുണ്ട്. ഓരോ തവണയും പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാർ തുക അനുവദിക്കുമ്പോഴും ഇവർക്കുള്ള തുക കൂടി ബാങ്കുകൾക്ക് കൈമാറുന്നുണ്ട്. സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതിയിൽ പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റുമാർക്ക് കമ്മീഷൻ ഇനത്തിലും തുക ചെലവഴിക്കേണ്ടിവരുന്നുണ്ട്. മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കേണ്ടതുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. 8/2019 മുതൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും പുനർവിവാഹിതയല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും പെൻഷൻ തടഞ്ഞുവച്ചതും എന്നാൽ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ തുടരുന്നവരുമായ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | Pension Type | Pensioner ID | Pensioner Name | Bill Remarks |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 103910100554 | കുട്ടപ്പൻ വി,സി, | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 2 | വാർദ്ധക്യകാല പെൻഷൻ | 103910200166 | ചിന്നമ്മ ദാനിയേൽ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 3 | വാർദ്ധക്യകാല പെൻഷൻ | 103910200543 | ഗൗരിക്കുട്ടിയമ്മ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 4 | വാർദ്ധക്യകാല പെൻഷൻ | 103910201307 | അന്നമ്മ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 5 | വാർദ്ധക്യകാല പെൻഷൻ | 103910201989 | കുഞ്ഞമ്മ സാമുവേൽ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 6 | വാർദ്ധക്യകാല പെൻഷൻ | 103910201758 | അച്ചമ്മ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 7 | വാർദ്ധക്യകാല പെൻഷൻ | 103910201640 | തങ്കമ്മ സൈമൺ | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| 8 | Disability Pension Scheme | 103910400094 | രശ്മി | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 9 | വിധവ പെൻഷൻ | 103910600217 | ലൈസമ്മ ജോയിക്കുട്ടി | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 10 | വിധവ പെൻഷൻ | 103910600607 | വത്സല എൻ | പുനർവിവാഹിത അല്ലെന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 11 | വിധവ പെൻഷൻ | 103910600620 | കമലാവതി രാജൻ | സർക്കുലർ 12/2023/ധന പ്രകാരം തടഞ്ഞുവയ്ക്കുന്നു . |
| 12 | വിധവ പെൻഷൻ | 103910600634 | ശ്യമള ശ്രീധരൻ | പുനർവിവാഹിത അല്ലെന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 13 | വിധവ പെൻഷൻ | 103910600669 | ഷീജ കെ. | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.,പുനർവിവാഹിത അല്ല എന്നസർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 14 | വിധവ പെൻഷൻ | 103910600718 | സരസമ്മ കെ.എൻ | സർക്കുലർ 12/2022/ധന പ്രകാരം തടഞ്ഞുവയ്ക്കുന്നു . |
| 15 | വിധവ പെൻഷൻ | 103910600721 | രാധാമണി വിജയൻ | പുനർവിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 16 | വിധവ പെൻഷൻ | 103910600727 | രാധാമണി പി.കെ. | പുനർവിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 17 | വിധവ പെൻഷൻ | 103910600839 | സുനിത രാജേഷ് | പുനർവിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |

2019-ലെ മസ്റ്ററിങ് പൂർത്തീകരിക്കുകയോ, ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്ത മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വിശദാംശം അന്വേഷിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്നും പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തത് മൂലം 2022 മുതൽ പെൻഷൻ തടഞ്ഞ് വെച്ചിട്ടുള്ളതും ഇപ്പോഴും പെൻഷൻ ലിസ്റ്റിൽ തുടരുന്ന ഗുണഭോക്താക്കളുടേയും അർഹത പരിശോധിക്കുവാൻ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ക്രമ നം.1, 4 എന്നിവർ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. മറ്റ് പലരും ഗ്രാമപഞ്ചായത്ത് പരിധിയിലല്ല താമസിക്കുന്നത്. യു.എസ്.എ, യു.കെ തുടങ്ങിയ രാജ്യങ്ങളിൽ താമസിക്കുന്നവരുമുണ്ട്. ആക്ടീവ് പെൻഷൻ ലിസ്റ്റ് വിശദമായി പരിശോധിച്ച് അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-24 മരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു

തനത് ഫണ്ട്/ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ റിക്കവറി തുക ഉൾപ്പെടെയുള്ള ബിൽ തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയാണ് ചെയ്തു വരുന്നത്. ഈ പ്രവൃത്തികളുടെ കരാറുകാർക്ക് നൽകേണ്ട തുക അക്കൗണ്ടിൽ നിന്നും ചെക്കായി നൽകുന്നുണ്ടെങ്കിലും ഇൻകം ടാക്സ്, ജി.എസ്.റ്റി, നിർമ്മാണ തൊഴിലാളി വിഹിതം എന്നീ ഇനങ്ങളിൽ ഒടുക്കേണ്ട തുകകൾ ബാങ്ക് അക്കൗണ്ടിൽ തന്നെ ശേഷിക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിൽ 01/08/2013-ലെ നീക്കിയിരിപ്പ് 195978 രൂപയാണ്. വിശദാംശം ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ഓപ്പൺ ചെയ്ത തീയതി | നീക്കിയിരിപ്പ് |
|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക് | 40386101033944 | 06/06/2018 | 195978 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/24.08.23) റിക്കവറി തുകകൾ ബന്ധപ്പെട്ട ഹെഡിൽ

തിരികെ ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തിയായില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കേണ്ടതും ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 14.9.21 ലെ യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ KSREC തയ്യാറാക്കിയ R- TRACK ആപ്പ് ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാനും നിർദ്ദേശിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22, 2022-23 വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിരുന്നില്ല. പ്രോജക്ട് നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23) മറുപടിയായി സോഫ്റ്റ്‌വെയറിനുണ്ടായ സാങ്കേതിക പ്രശ്നം കാരണമാണ് പ്രോജക്ട് പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്നും നിലവിൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പൈപ്പ്‌ലൈൻ സ്ഥാപിക്കൽ പ്രവർത്തികളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്ന പദ്ധതിക്കായി പ്രോജക്ട് നമ്പർ 7/23 പ്രകാരം ആകെ 1578583രൂപ 28.03.22, 20.01.23 എന്നീ തീയതികളിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല, കൂടാതെ Kwa യുമായി കരാർ വച്ചതായും കാണുന്നില്ല. പഞ്ചായത്തിലെ 4,5,6,7,9,10,12 എന്നീ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ വാർഡുകളിലെല്ലാം തന്നെ വാട്ടർ അതോറിറ്റിയുടെ ജല ജീവൻ മിഷൻ പദ്ധതിയും പുരോഗമിക്കുകയാണ്. പഞ്ചായത്തിലുടനീളം 179.404 കിലോമീറ്റർ ദൂരത്തിൽ 99.18കോടി രൂപ ചെലവാക്കിയാണ് ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതിയുടെ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉമ്മിണിക്കാവിൽ വസ്തു വാങ്ങലിനും നിർമ്മാണത്തിനുമായി പ്രോ. നം 201/23പ്രകാരം 1056875/-രൂപയും പഞ്ചായത്ത് ചെലവാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതി നടപ്പിലാക്കുന്ന എല്ലാ വാർഡുകളിലും ജല ജീവൻ മിഷന്റെ പൈപ്പ് സ്ഥാപിക്കലും പുരോഗമിക്കുകയാണ്. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് 22/01/22 ൽ ജല ജീവൻ മിഷനുമായി പദ്ധതി സംബന്ധിച്ച കരാറിൽ ഏർപ്പെട്ടതിന് ശേഷവും 15,49 000/- ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം, ഈ രണ്ട് പദ്ധതികളും പരസ്പരം ബന്ധിപ്പിക്കാൻ വ്യവസ്ഥയുണ്ടോ, സമാന്തരമായി രണ്ട് പദ്ധതികളും പ്രവർത്തിക്കുമോ, ജല ജീവൻമിഷൻ നടപ്പാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിവരം, ജല ജീവൻ മിഷൻ പദ്ധതിയ്ക്ക് നിലവിൽ പഞ്ചായത്ത് വിഹിതം നീക്കി വെച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണം, ജല ജീവൻ മിഷന്റെ പദ്ധതിക്കായി പഞ്ചായത്ത് റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സാഹചര്യത്തിൽ , റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നീ വിവരങ്ങളും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (20/23.08.23) നൽകിയിരുന്നു.

റോഡ് മുറിച്ച് പൈപ്പ്‌ലൈൻ സ്ഥാപിച്ച സ്ഥലങ്ങളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനകം പൂർത്തിയാക്കുന്നതാണെന്നും ജലജീവൻ മിഷൻ പൈപ്പ്‌ലൈൻ സ്ഥാപിക്കാത്ത സ്ഥലങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയതെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ജലജീവൻ മിഷൻ പഞ്ചായത്ത് മുഴുവൻ കുടിവെള്ളത്തിനായ് പൈപ്പ്‌ലൈൻ സ്ഥാപിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. നിലവിൽ ജലജീവൻ മിഷനോടൊപ്പം ഒരു സമാന്തര കുടിവെള്ള പദ്ധതി നടപ്പിലാക്കുകയാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പുവച്ചതിന്റെ വിശദാംശങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ്, റോഡുകളുടെ പുനർനിർമ്മാണത്തിന്റെ പുരോഗതി വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ-വിനിയോഗ വിവരങ്ങളില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാമൂഹ്യസുരക്ഷാ മിഷന് വിഹിതം നൽകൽ പദ്ധതി പ്രകാരം 26.12.2022-ൽ (ബിൽ നം.31) 25000രൂപ സാമൂഹ്യ സുരക്ഷാമിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. ഏത്

പദ്ധതിയ്ക്കായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയതെന്നും തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള വിവരങ്ങളൊന്നും പ്രോജക്ട് ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(22/24.08.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-28 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കിയില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾ എടുക്കേണ്ടതാണെന്നും 2022-23 ൽ തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഇത് പ്രവർത്തനക്ഷമ മാക്കേണ്ടതാണെന്നും സ.ഉ.(കൈ.)നം.115/2022/തസ്വഭവ തീയതി:28.05.2022 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 18/23.08.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 2022-23-ൽ മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി മതിയായ ഫണ്ട് ലഭ്യമായിരുന്നില്ലായെന്നും 2023-24-ൽ പദ്ധതി ഏറ്റെടുത്ത് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 അഗതിരഹിത കേരളം പദ്ധതി നിർജ്ജീവാവസ്ഥയിൽ

പഞ്ചായത്തിൽ നടപ്പിലാക്കി വന്ന അഗതിരഹിത കേരളം പദ്ധതി 2022 സെപ്റ്റംബറിന് ശേഷം നിർജ്ജീവാവസ്ഥയിലാണ്. ഭക്ഷണകിറ്റ് വിതരണം പോലും നടത്തിയിട്ടില്ല. അശരണരും നിരാലംബരുമായ 95 അഗതി കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളായുണ്ട്. അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക, റേഷൻ കടകളിൽനിന്ന് ലഭിക്കാത്ത സാധനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുക, പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുക, പോഷകാഹാര കുറവുള്ള അഗതി ഉപഭോക്താക്കൾക്ക് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ പോഷകനില തിട്ടപ്പെടുത്തുക, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം എത്തിക്കുക തുടങ്ങിയതടക്കമുള്ള നിരവധി ഭക്ഷണ വിതരണ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ കിട്ടുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുക, സ്ഥിരമായി മരുന്ന് വിതരണം ചെയ്യുക, മെഡിക്കൽ ക്യാമ്പ് ഇൻഷ്വറൻസ് എന്നിവ അടക്കമുള്ള നിരവധി ആരോഗ്യ പദ്ധതികൾ, വസ്ത്രം, പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി, കുടിവെള്ളം ശുചിത്വ സംവിധാനം തൊഴിൽ പരിശീലനം എന്നിവയെല്ലാം അഗതി കേരളം പദ്ധതിക്ക് വേണ്ടി നടപ്പാക്കേണ്ടതാണ്. എന്നാൽ ചെന്നീർക്കര പഞ്ചായത്തിൽ ഇത്തരത്തിലുള്ള യാതൊരു പദ്ധതികളും നടപ്പിലാക്കിയതായി കാണുന്നില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അഗതി രഹിത കേരളം പദ്ധതി (111/23) പ്രകാരം 1ലക്ഷം രൂപ 11.01.2023-ൽ കുടുംബശ്രീ സി.ഡി.എസ്.-ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നു. 28 .10. 22ലെ ആശ്രയ വിലയിരുത്തൽ സമിതിയുടെ മീറ്റിങ്ങിൽ നാളിതുവരെ ഫണ്ട് ചെലവഴിക്കാത്ത സാഹചര്യത്തിൽ ഭവന പുനരുദ്ധാരണത്തിനായി ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. അർഹതയുള്ള 8 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ഓരോ അംഗത്തിനും അൻപതിനായിരം രൂപ വീതം വിനിയോഗിക്കുവാനും തീരുമാനിച്ചിരുന്നു. 20.01.2023 ലെ മീറ്റിങ്ങിൽ ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗങ്ങളുടെ ഭവനം സന്ദർശിക്കാൻ തീരുമാനിച്ചു. എന്നാൽ മീറ്റിങ്ങിലെ തീരുമാനങ്ങളോ ഏതെങ്കിലും പദ്ധതികളോ നടപ്പിലാക്കിയതായി കാണുന്നില്ല.

ചലഞ്ച് ഫണ്ട് തീർന്നതിനാലാണ് 2022 സെപ്റ്റംബറിന് ശേഷം ഭക്ഷണ കിറ്റ് വിതരണം ചെയ്യാൻ സാധിയ്ക്കാതെ പോയതെന്ന് സി.ഡി.എസ്. ചെയർപേഴ്സൺ ഓഡിറ്റിനെ അറിയിച്ചു. എന്നാൽ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ 03.06.2023-ൽ 1951794രൂപ പദ്ധതിയിൽ നീക്കിയിരുപ്പായുണ്ട്. ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ, പലിശയോ ലഭ്യമല്ലായെങ്കിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) ഖണ്ഡിക 3.2.1.2-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. വികസനഫണ്ടിന്റെ നീക്കിയിരുപ്പ് ഉപയോഗിച്ച് അഗതികുടുംബങ്ങളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ

കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആരംഭിച്ച പദ്ധതി ആസൂത്രണം ചെയ്ത് യഥാവിധി നടപ്പിലാക്കുന്നതിൽ യാതൊരു ശ്രദ്ധയും ഉണ്ടായതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/23.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയെ ആശ്രയിച്ച് കഴിഞ്ഞുവരുന്ന അഗതികളും നിരാലംബരുമായ ആളുകളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റി നൽകാത്തത് ഖേദകരമാണ്. നിലവിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ആശ്രയ കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 600000 | സാന്ത്വനപരിചരണം | 600000 | 0 |
| | | 61834 | അങ്കണവാടി പോഷകാഹാരം (ജനറൽ) | 61834 | 0 |
| | | 80700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 80700 | 0 |
| | | 999950 | ഉമ്മിണിക്കാവ് കുടിവെള്ള പദ്ധതി-വസ്തു വാങ്ങലും നിർമ്മാണവും | 999950 | 0 |
| | | 880000 | ലൈഫ് പദ്ധതി-എസ്.സി.പി. | 880000 | 0 |
| | | 61994 | വന്യജീവികളിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് സംരക്ഷണവേലി | 61994 | 0 |
| ആകെ | | 2684478 | | 2684478 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 325000 | നെൽകൃഷി വികസനം | 325000 | 0 |
| | | 46000 | വന്യജീവികളിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് സംരക്ഷണവേലി | 46000 | 0 |
| | | 299993 | സാന്ത്വനപരിചരണം | 299993 | 0 |
| | | 210407 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 210407 | 0 |
| | | 278000 | ശാരീരിക മാനസിക വെല്ലുവിളി | 278000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| | | 496506 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 496506 | 0 |
| | | 340000 | പാലിന് സബ്സിഡി | 340000 | 0 |
| | | 850000 | ലൈഫ് പദ്ധതി-എസ്.സി.പി. | 850000 | 0 |
| ആകെ | | 2845906 | | 2845906 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | ഉപയോഗ ശൂന്യമായ പൊതുടാപ്പകൾ- കണക്ഷൻ വിച്ഛേദിക്കൽ കേരളവാട്ടർ അതോറിറ്റിക്ക് തുക ഒടുക്കൽ(183/23) | 272600 | 0 | 272600 |
| | ഗ്രാമപഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ(7/23) | 1578583 | 0 | 1578583 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ -വിവിധ വാർഡുകൾ (12/23) | 136880 | 0 | 136880 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിവിധ വാർഡുകൾ(54/23) | 148461 | 0 | 148461 |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിവിധ വാർഡുകളിൽ(151/23) | 182766 | 0 | 182766 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2019-20 | 1-11 | 10000 | വിനീത് കുമാർ, സി.ജെ, കോൺട്രാക്ടർ | 1220100130/20.04.2022 |
| 2021-22 | Audit Enquiry-16 Paramedical Registration Fee | 450/ | ശശികുമാർ പി.കെ<br>ലിസ്സി ജോസ്<br>അജി അലക്സ് | 1220103020/16.11.22<br>1220103026/16.11.22<br>1220103027/16.11.22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-1 | 2016-17 | അനുബന്ധം | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം 6 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം) | 116451625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110306994 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 4 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 | 6 | |

| | | | |
|---|---|---|---|
| | തീയതി: 13.12.2011/ 13.05.2013 | | |
| 2009-10 &2010-11 | എൽ.എഫ്.പി.റ്റി.എ.പി.12513/13 തീയതി: 30.11.2013 | 2 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി: 30.11.2013/ 07.06.2014 | 1 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609/16 തീയതി: 03.06.2016 | 4 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/16 തീയതി :05.11.2016 | 3 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/17 തീയതി: 22.07.2017 | 1 | |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി:13.12.2018 | 3 | |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി5/917/19 തീയതി:03.12.2019 | 10 | |
| 2019-2020 | കെ.എസ്.എ.പി.റ്റി.എ.പി5/278/21 തീയതി: 12.05.2021 | 8 | |
| 2020-2021 | കെ.എസ്.എ.പി.റ്റി.എ.പി5/459/22 തീയതി: 11.05.2022 | 4 | |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.5/1276/22 തീയതി: 12.12.22 | എല്ലാ ഖണ്ഡികകളും | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട, ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 21-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the CHENNEERKKARA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of CHENNEERKKARA Grama Panchayat for the year 2022-2023

Date: 10/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of CHENNEERKKARA Grama Panchayat for the Year 2022-2023.

**1.Major Observations**

valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

5. E- Payment account- bank reconciliation is not correct

6.Capital contribution- accounting is not accurate.

7. Deposit works- There are no documents to verify the accuracy of the balance amounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്